വി.സി. 52027/16

കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി: 21/06/2017

## വാഹനം വാടകയ്ക്ക് എടുക്കുവാനുള്ള ക്വട്ടേഷൻ

കൃഷി വകുപ്പിൽ പച്ചക്കറി വികസന പദ്ധതി 2016-17 - ലെ സംസ്ഥാനതല അവാർഡ് ജേതാക്കളുടെ പഠനയാത്രയുടെ (എക്സ്പോഷർ വിസിറ്റ്) ഭാഗമായി ബാംഗ്ലൂരിലുള്ള കാർഷിക സർവ്വകലാശാല, സഫൽ മാർക്കറ്റ്, ഇൻഡോ അമേരിക്കൻ ഹൈബ്രിട്ട് സീഡ്, ജെയിൻ ഇറിഗേഷൻ, ഐ.ഐ.എച്ച്.ആർ, സി.എഫ്.റ്റി.ആർ.ഐ. മൈസൂർ എന്നീ സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിന് വാഹനം വാടകയ്ക്ക് എടുക്കുന്നതിനുള്ള സീൽഡ് ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

ക്വട്ടേഷൻ നിബന്ധനകൾ താഴെ ചേർക്കുന്നു.

1. ഡ്രൈവർ ഉൾപ്പടെ 49 പുഷ്ബാക്ക് സീറ്റുകൾ ഉള്ള എ/സി ബസ് ആയിരിക്കണം.
2. തിരുവനന്തപുരത്ത് നിന്നും പാലക്കാട് വഴി – സേലം – ഹൊസൂർ - ബാംഗ്ലൂർ - ഹെബ്ബാൾ, സഫൽ മാർക്കറ്റ്, ഇൻഡോ അമേരിക്കൻ ഹൈബ്രിട്ട് സീഡ്, ഐ.ഐ.എച്ച്.ആർ ഹസർഗട്ട, സി.പി.റ്റി.ആർ.ഐ. മൈസൂർ - വയനാട് വഴി തിരുവനന്തപുരത്ത് തിരിച്ച് എത്തണം.
3. കിലോമീറ്ററിന് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്നതിനോടൊപ്പം ഡ്രൈവറുടെ ബത്ത, ടോൾ, ടാക്സ്, പാർക്കിംഗ് ഫീസ് എന്നിവ ചേർത്ത് എത്ര തുകയാകും എന്നുകൂടി രേഖപ്പെടുത്തണം.
4. 01/07/2017 – ന് ഉച്ചക്ക് 3 മണിക്ക് ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതാണ്.

5. ക്വട്ടേഷൻ മുഖാന്തിരം അംഗീകരിക്കപ്പെടുന്ന കരാറുകാരൻ 200/- രൂപ മുദ്രപത്രത്തിൽ എഗ്രിമെന്റ് നൽകേണ്ടതാണ്.

6. വണ്ടിയുടെ നിയമാനുസൃതമുള്ള എല്ലാ രേഖകളും ഉണ്ടായിരിക്കേണ്ടതാണ്.

7. ഡ്രൈവർ കൃത്യ നിഷ്ഠയുള്ളയാളും, മദ്യപാനം, പുകവലി തുടങ്ങിയ ദുശീലങ്ങളില്ലാത്തയാളും നിയമ പ്രകാരമുള്ള ലൈസൻസ് നേടിയ ആളുമായിരിക്കണം.

8. ഡ്രൈവറുടെ അനാസ്ഥ കൊണ്ടുണ്ടാകുന്ന ഗതാഗത പിഴകൾ നൽകേണ്ട ബാധ്യത വണ്ടിയുടെ ഉടമസ്ഥർക്കായിരിക്കും.

9. യാത്രക്കിടയിൽ വാഹനത്തിന് ഉണ്ടായേക്കാവുന്ന അറ്റകുറ്റപണികൾ തുടങ്ങിയവ ചെയ്യേണ്ട ബാധ്യത വണ്ടിയുടെ ഉടമസ്ഥനായിരിക്കും.

10. ക്വട്ടേഷനുകൾ യാതൊരു കാരണവും കൂടാതെ നിരസിക്കുവാനും കരാർ റദ്ദാക്കുവാനുമുള്ള പരിപൂർണ്ണ അധികാരം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. വാഹനങ്ങൾ കരാറിലെടുക്കുന്നതു സംബന്ധിച്ച് നിലവുള്ള സർക്കാർ നിയമങ്ങൾ ഈ ക്വട്ടേഷനും ബാധകമാണ്.

ഒപ്പ്
കൃഷി ഡയറക്ടർ

നോട്ടീസ് ബോർഡ്
ഐ.റ്റി. സെൽ (വെബ്സൈറ്റ്)

21/6/17

Senior Agricultural Officer(vc)
Directorate of AD & FWD
Vikas Bhavan Tvpm-33

S